**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3630** **08-10-2025 - ൽ മറുപടിയ്ക്ക്**

**രജിസ്ട്രേഷൻ വകുപ്പിന്റെ ട്രെയിനിംഗ് കോംപ്ലക്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി) | |
| (എ) | 2011-16 ലെ സർക്കാരിന്റെ കാലത്ത് കൂത്താട്ടുകുളത്ത് ആരംഭിക്കാൻ തീരുമാനിച്ച രജിസ്ട്രേഷൻ വകുപ്പിന്റെ ട്രെയിനിംഗ് കോംപ്ലക്സ് നിലവിൽ എവിടെയാണ് പ്രവർത്തിച്ചു വരുന്നത് എന്ന് വിശദമാക്കാമോ; | (എ) | **നിലവിൽ രജിസ്ട്രേഷൻ വകുപ്പിന്റെ ട്രെയിനിംഗ് കോംപ്ലക്സ് പ്രവർത്തിക്കുന്നില്ല. കൂത്താട്ടുകുളത്ത് ആരംഭിക്കാൻ തീരുമാനിച്ചിരുന്ന ട്രെയിനിംഗ് കോംപ്ലക്സ് തിരുവനന്തപുരം, നേമം സബ് രജിസ്ട്രാർ ഓഫീസ് കോമ്പൗണ്ടിലേയ്ക്ക് മാറ്റാൻ തീരുമാനിച്ചിട്ടുണ്ട്.** |
| (ബി) | പ്രസ്തുത സ്ഥാപനത്തിനായി എത്ര തുകയാണ് ബജറ്റിൽ അനുവദിച്ചത്; ആയതിൽ എത്ര തുക കൂത്താട്ടുകുളത്ത് നിർമ്മാണ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (ബി) | 2015-16 ബജറ്റിൽ 2 കോടി രൂപ വകയിരുത്തിയിരുന്നു. 2015-16 വർഷത്തെ നിർമ്മാണപ്രവർത്തനങ്ങൾ 2030-03-001-88 (പ്ലാൻ) ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള 2 കോടി രൂപയിൽ പരിമിതപ്പെടുത്തേണ്ടതാണെന്ന വ്യവസ്ഥയ്ക്ക് വിധേയമായി ടി പ്രവർത്തിക്ക് ഭരണാനുമതി നൽകുകയുണ്ടായി. കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട് പ്രിലിമിനറി ഡ്രോയിംഗ് തയാറാക്കിയ വകയിൽ 25,000/- രൂപ അനുവദിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത സ്ഥാപനം കൂത്താട്ടുകുളത്തു നിന്നും മാറ്റി സ്ഥാപിക്കാൻ ശിപാർശ നൽകിയത് ഏത് ഉദ്യോഗസ്ഥനാണ് എന്നറിയിക്കാമോ; | (സി) | പ്രസ്തുത സ്ഥാപനം കൂത്താട്ടുകുളത്തു നിന്നും മാറ്റി സ്ഥാപിക്കുന്നതിന് രജിസ്ട്രേഷൻ ഐ.ജി.യുടെ നിർദ്ദേശം ഉണ്ടായിരുന്നു. കൂത്താട്ടുകുളത്ത് ആരംഭിക്കാൻ തീരുമാനിച്ച രജിസ്ട്രേഷൻ വകുപ്പിന്റെ ട്രെയിനിംഗ് കോംപ്ലക്സ് നേമം സബ് രജിസ്ട്രാർ ഓഫീസ് കോമ്പൗണ്ടിലേക്ക് മാറ്റി സ്ഥാപിക്കുന്നതിനുള്ള അന്നത്തെ ഫിനാൻസ് ഓഫീസറുടെ ശിപാർശ പ്രകാരമാണ് രജിസ്ട്രേഷൻ ഐ.ജി. നിർദ്ദേശം നൽകിയിട്ടുള്ളത്. |
| (ഡി) | പ്രസ്തുത തീരുമാനം രൂപീകരിക്കുവാൻ രജിസ്ട്രേഷൻ ഐ.ജി. യുടെ നിർദ്ദേശം ഉണ്ടായിരുന്നോ; വിശദമാക്കാമോ; | (ഡി) | പ്രസ്തുത സ്ഥാപനം കൂത്താട്ടുകുളത്തു നിന്നും മാറ്റി സ്ഥാപിക്കുന്നതിന് രജിസ്ട്രേഷൻ ഐ.ജി.യുടെ നിർദ്ദേശം ഉണ്ടായിരുന്നു. കൂത്താട്ടുകുളത്ത് ആരംഭിക്കാൻ തീരുമാനിച്ച രജിസ്ട്രേഷൻ വകുപ്പിന്റെ ട്രെയിനിംഗ് കോംപ്ലക്സ് നേമം സബ് രജിസ്ട്രാർ ഓഫീസ് കോമ്പൗണ്ടിലേക്ക് മാറ്റി സ്ഥാപിക്കുന്നതിനുള്ള അന്നത്തെ ഫിനാൻസ് |

| | | | |
|---|---|---|---|
| | | | ഓഫീസറുടെ ശിപാർശ പ്രകാരമാണ് രജിസ്ട്രേഷൻ ഐ.ജി. നിർദ്ദേശം നൽകിയിട്ടുള്ളത്. |
| (ഇ) | പ്രസ്തുത സ്ഥാപനം മാറ്റി സ്ഥാപിച്ച സ്ഥലത്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം പ്രവർത്തനങ്ങൾ ഇതിനോടകം പ്രസ്തുത സ്ഥലത്ത് നടപ്പിലാക്കിയിട്ടുണ്ട്; എന്തെല്ലാം ട്രെയിനിംഗ് നടപടികളാണ് നടത്തിയിട്ടുള്ളത്; വിശദമാക്കാമോ; | (ഇ) | ഇല്ല |
| (എഫ്) | പ്രസ്തുത സ്ഥാപനത്തിന്റെ നിർമ്മാണത്തിനായി നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കാമോ? | (എഫ്) | തിരുവനന്തപുരം ജില്ലയിൽ നേമം രജിസ്ട്രേഷൻ കോംപ്ലക്സിൽ മറ്റ് ഓഫീസുകളോടൊപ്പമാണ് ട്രെയിനിംഗ് സെന്ററിന്റെ നിർമ്മാണം നടന്നു വരുന്നത്. കോംപ്ലക്സിന്റെ ആകെ ഭരണാനുമതി തുക 20.88 കോടി രൂപയാണ്. ആയതിനാൽ ട്രെയിനിംഗ് സെന്ററിന്റെ നിർമ്മാണത്തിന് മാത്രമായി ചെലവായ തുകയുടെ വിശദാംശങ്ങൾ പ്രത്യേകമായി കണക്കാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ